GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/09/2026

1. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം, സെപ്റ്റംബർ 11 ന് സൗജന്യ ആട് വളർത്തൽ പരിശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . താൽപര്യമുള്ളവർക്ക് നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ സെപ്റ്റംബർ 15 മുതൽ 19 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീര കർഷകർക്ക് **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു.

രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി സെപ്റ്റംബർ 09 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറുമാസ ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യൂ കൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ, ബയോളജി, ബോട്ടണി വിഷയങ്ങളിലേതെങ്കിലും പഠിച്ച് പ്ലസ് ടു/വി.എച്ച്.എസ്.ഇ വിജയിച്ച, 2026 ഏപ്രിൽ ഒന്നിന് 35 വയസിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ കോഴ്സിനും ബാധകമാണ്.

മൂന്ന് മാസം പരിശീലനവും തുടർന്ന് മൂന്ന് മാസം അപ്രന്റിസ്ഷിപ്പും ഉൾപ്പെടുന്നതാണ് കോഴ്സ്. ടിഷ്യൂ കൾച്ചർ, നഴ്സറി മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായകമായ പ്രായോഗിക പരിശീലനമാണ് കോഴ്സിലൂടെ നൽകുന്നത്. ഒരു ബാച്ചിൽ പരമാവധി 20 പേർക്കാണ് പ്രവേശനം. കോഴ്സ് ഫീസ് 4,500 രൂപയാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മൂന്ന് മാസത്തെ അപ്രന്റിസ്ഷിപ്പ് പരിശീലനവും ലഭിക്കും. അപ്രന്റിസ്ഷിപ്പ് കാലയളവിൽ പ്രതിമാസം 1,500 രൂപ സ്റ്റൈപന്റ് നൽകുന്നതാണ്. അപേക്ഷാ ഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷ

സ്വീകരിക്കുന്ന അവസാന തീയതി ഇന്ന് സെപ്റ്റംബർ 9 വൈകിട്ട് 4.30 വരെ. തിരഞ്ഞെടുത്ത അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി: സെപ്റ്റംബർ 15, 2026 കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 14 മുതൽ 25 വരെ (10 ദിവസത്തെ) "**ക്ഷീരോൽപന്ന നിർമ്മാണ സംരംഭകത്വ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഇന്ന് സെപ്റ്റംബർ 9 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതും പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "**ഇറച്ചിക്കോഴി വളർത്തൽ**" എന്ന വിഷയത്തിൽ സെപ്റ്റംബർ 16ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വെച്ച് രാവിലെ 10 മണി മുതൽ 5 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർക്ക് പ്രവർത്തിദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിനു എത്തുന്നവർ ആധാർക്കാഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.